# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3615 — 17.10.2011-ൽ മറുപടിക്ക്

## അങ്കമാലി താലൂക്ക് ആശുപത്രി സ്റ്റാഫിന്റെ കുറവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ : | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) താലൂക്ക് ആശുപത്രിയായി ഉയർത്തിയ അങ്കമാലി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ള തെന്നും നടത്തുവാൻ ഉദ്ദേശിക്കു ന്നതെന്നും വിശദമാക്കാമോ ; | (എ) താലൂക്ക് ആശുപത്രിയായി ഉയർത്തിയ അങ്കമാലി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ എം.പി.ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ ചെലവഴിച്ച് പുതിയ മെറ്റേണിറ്റി വാർഡ് പണിയുന്നതിന് തീരുമാനി ക്കുകയും പ്രസ്തുത പണി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. നിലവിലുള്ള ഓപ്പറേഷൻ തീയേറ്റർ മോഡേൺ തീയേറ്റർ ആക്കുന്നതിലേയ്ക്കായി എൻ.ആർ.എച്ച്.എം ൽ നിന്നും 27,34,000/- രൂപയുടെ ഫണ്ട് അനുവദിക്കുകയും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |
| (ബി) പ്രസ്തുത നവീകരണ പ്രവർത്തന ങ്ങൾക്കായി എൻ.ആർ.എച്ച്.എം അനുവദിച്ച തുക എത്രയെന്നും എന്നാണ് അനുവദിച്ചതെന്നും വ്യക്ത മാക്കാമോ ; പ്രസ്തുത പ്രവൃത്തി തുടങ്ങുന്നതിലെ കാലതാമസം വ്യക്ത മാക്കാമോ ; | (ബി) 2008-09-ൽ അങ്കമാലിയിൽ അപ്ഗ്രഡേഷൻ ജോലികൾക്കായി 52 ലക്ഷം രൂപ എൻ.ആർ.എച്ച്.എം-ൽ നിന്നും അനുവദിക്കുകയും പ്രസ്തുത പണികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓപ്പറേഷൻ തീയേറ്റർ നിർമ്മാണത്തിനായി 2011-12-ൽ 12 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) മൂന്ന് ആർ.എഫ്.യു ആശുപത്രികളി ലൊന്നായ അങ്കമാലി സർക്കാർ ആശുപത്രിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗവും ലേബർ റൂമും ഗൈനക്കോളജിസ്റ്റും ഉണ്ടെങ്കി ലും ആവശ്യാനുസരണം നഴ്സിംഗ് സ്റ്റാഫ്, അറ്റൻഡർ ഗ്രേഡ് 2 തുടങ്ങി യവരുടെ നിയമനത്തിൽ കാല താമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; | (സി) അങ്കമാലി സർക്കാർ ആശുപത്രിയിൽ നഴ്സിംഗ് സ്റ്റാഫ്, അറ്റൻഡർ ഗ്രേഡ് 2 എന്നീ തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട്. അറ്റൻഡർ ഗ്രേഡ് 2 തസ്തികയിൽ ജോലി ചെയ്തിരുന്ന ജീവനക്കാരിക്ക് സ്ഥാനക്കയറ്റം ലഭിച്ചതുമൂലമുണ്ടായ ഒഴിവ് നില വിലുണ്ട്. ആയത് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) മതിയായ സ്റ്റാഫുകൾ ഇല്ലാത്തതി നാൽ ആശുപത്രിയിൽ എത്തുന്ന രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ആവശ്യമായ സ്റ്റാ ഫിനെ നിയമിക്കുന്നതിനു അടിയ ന്തിര നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശി ക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (ഡി) അങ്കമാലി താലൂക്കാശുപത്രിയായി ഉയർത്തിയതി നുശേഷം ടി ആശുപത്രിയിൽ താലൂക്കാശുപത്രി പാറ്റേണിലുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസലുകൾ ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ